(ബി) ഉണ്ട്. തരിശുഭൂമി സ്വന്തമായുള്ളവരോ കൃഷിയിറക്കാൻ മറ്റുള്ളവരുടെ ഭൂമി നേടാൻ കഴിഞ്ഞവരോ ആയ തൊഴിൽരഹിതരായ യുവാവിനോ, യുവാക്കളുടെ ഗ്രൂപ്പിനോ ആണ് സഹായധനം നൽകുക. കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിട്ടുള്ള യുവജനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) കൃഷി ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി/ഗ്രൂപ്പിന് ഹെക്ടറൊന്നിന് 5000 രൂപ വച്ച് പരമാവധി 10,000 രൂപ വരെ നൽകുന്നതാണ്.

**വൈദ്യുതി ബോർഡിന്റെ പുനഃസംഘടന**

*23 [70] *ശ്രീ. എം. കുമാരൻ:*

„ *ബിനോയ് വിശ്വം:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയ്ക്കായി സംസ്ഥാന ഗവൺമെന്റിനെയും ബോർഡിനെയും സഹായിക്കുവാൻ ഒരു കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചത്;

(ബി) ഈ കൺസൾട്ടൻസി ബോർഡ് വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആ നിർദ്ദേശങ്ങൾ എന്താണെന്ന് വിശദമാക്കുമോ; ഈ നിർദ്ദേശങ്ങളുടെ കരട് ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ്;

(സി) വിഭജനത്തിന് മുന്നോടിയായി ആസ്തി ബാദ്ധ്യതകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിന്റെ വിഭജനം എത്ര കാലംകൊണ്ട് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഇല്ല.

(ബി) —(ഡി) പ്രസക്തമല്ല.

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം**

*24 [71] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/360/2012.—7

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ സംഘങ്ങൾ സംഭരിച്ച എത്ര ക്വിന്റൽ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്;

(ബി) എന്ത് വിലയ്ക്കാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) കേരളത്തിലെ നെൽകർഷകരിൽ നിന്നും വിവിധ ഏജൻസികൾ കഴിഞ്ഞ സീസണിൽ സംഭരിച്ച 459673 ക്വിന്റൽ നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു തുടങ്ങിയിട്ടുള്ളത്. കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത സംഭരണ ഏജൻസികളിൽ നിന്ന് 30-6-2005 വരെ 118884 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) നെല്ലിന്റെ സംഭരണ വില സൊസൈറ്റികളുമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൊസൈറ്റികളുമായി ചർച്ച നടത്തുകയും സൊസൈറ്റികൾ മില്ലിൽ എത്തിക്കുന്ന നെല്ലിന് കിലോഗ്രാമിന് 7 രൂപ എന്ന വില നിശ്ചയിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

**എൽ. പി. ജി. ഗ്യാസിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നടപടി**

*25 [72] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *പി. കെ. കെ. ബാവ:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ ഉപഭോഗം വർദ്ധിച്ചു വരുന്നതിനനുസരിച്ച് ഗ്യാസിന്റെ ലഭ്യതയും വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണ കേന്ദ്രങ്ങൾ തുറന്ന് വിതരണം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ച് വിതരണത്തിനുള്ള പരാതികൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly